# രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം

**നിയമസഭയിലും പുറത്തും കേട്ടുതുടങ്ങിയിരിക്കുന്ന ഒരു പല്ലവിയാണ് മുകളിൽ സൂചിപ്പിച്ചത്. ഇനി മാസങ്ങൾ കഴിഞ്ഞാൽ രണ്ടായിരാമാണ്ടു പിറക്കും. വേനലും ആരംഭിക്കും. പല ജലവിതരണ പദ്ധതികളും പൂർത്തിയാകാതെ കിടക്കുന്നു. മിക്കതിനും ഭരണാനുമതി പോലും ലഭിച്ചിട്ടില്ല. ഇതൊന്നും പരിഗണിക്കാതെ ''രണ്ടായിരാമാണ്ടോടെ ഏവർക്കും കുടിവെള്ളം'' എന്നു പറയാൻ നല്ല ചങ്കൂറ്റം തന്നെ വേണം.**

ജലദശകം ആചരിക്കാനുള്ള പ്രമേയം വഴി ഐക്യരാഷ്ട്രസഭയാണ് 'എല്ലാവർക്കും കുടിവെള്ളം' എന്ന ആശയം ആദ്യം മുന്നോട്ടുവച്ചത്. ചില വികസ്വര രാജ്യങ്ങൾ ഇതു പ്രാവർത്തികമാക്കുകയുണ്ടായി. പക്ഷേ, ജലവിഭവത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളം തികഞ്ഞ അവഗണനയോടെയാണിത് വീക്ഷിച്ചത്.

കേരളത്തിൽ ജലത്തിനു ദാരിദ്ര്യമില്ല. 44 നദികളും അവയുടെ കൈവഴികളും 3000 മി.മീറ്ററിനു മുകളിലുള്ള വർഷപാതവും പ്രകൃതി കേരളത്തിനു കനിഞ്ഞനുഗ്രഹിച്ചു നല്കിയ സമ്പത്താണ്. പക്ഷേ, ഇതിനെ പ്രയോജനപ്പെടുത്തുന്നതിൽ കേരളത്തിലെ രാഷ്ട്രീയ-സാമൂഹിക പ്രസ്ഥാനങ്ങൾ ദയനീയമായി പരാജയപ്പെട്ടു.

**ഇവിടെ ആദ്യം ചെയ്യേണ്ടത് ജനങ്ങൾക്കിടയിലെ ജലസാക്ഷരത വർധിപ്പിക്കലാണ്. പ്രൈമറിതലം തൊട്ടു വിദ്യാലയങ്ങളിൽ ഇതൂന്നി പഠിപ്പിക്കണം. ജനപ്രതിനിധികൾക്ക് ഇതിനായി തിരുവനന്തപുരത്തും തൃശൂർ മുളങ്കുന്നത്തുകാവിലുള്ള കിലയിലും വച്ച് ജലസാക്ഷരതാ പരിശീലനക്ലാസുകൾ സംഘടിപ്പിക്കണം.**

വാർത്താമാധ്യമങ്ങൾ കുറെയേറെ കാര്യങ്ങൾ പുറത്തുകൊണ്ടുവരുന്നുണ്ടെങ്കിലും കേരളത്തിനവകാശപ്പെട്ട കേന്ദ്രസഹായമോ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമുള്ള സഹായങ്ങളോ ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ പ്രതികരിക്കേണ്ട ജനപ്രതിനിധികൾ മൗനം പാലിക്കുകയാണ്.

**കേരളത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ഒരു പഞ്ചായത്തിനോ ഒരുകൂട്ടം പഞ്ചായത്തുകൾക്കോ വേണ്ടി നദീജല സമ്പത്തിനെ ആധാരമാക്കിയുള്ള സമഗ്ര ജലവിതരണ പദ്ധതി പ്രാവർത്തികമാക്കണം. മാത്രമല്ല, ഓരോ പഞ്ചായത്തിലും ജനകീയാസൂത്രണം വഴി വിതരണ ശൃംഖല ദീർഘിപ്പിക്കണം.**

1987ലെ കുടിവെള്ള മാസ്റ്റർ പ്ലാനും 1992ലെ കേരള ജലനയവും പ്രാവർത്തികമാക്കാനാണ് ജനപ്രതിനിധികൾ ഉത്സാഹിക്കേണ്ടത്.

നിയമസഭയിലെ ധനാഭ്യർഥന ചർച്ചയിൽ ഗിരിജാ സുരേന്ദ്രനൊഴിച്ച് മറ്റൊരു ജനപ്രതിനിധിയും തടയണകളുടെ കാര്യമോ കേന്ദ്രസഹായം സമഗ്രപദ്ധതികൾക്കു വേണമെന്നോ ആവശ്യപ്പെടുകയുണ്ടായില്ല. ഇതു ജനപ്രതിനിധികളുടെ രാഷ്ട്രീയ പാപ്പരത്തത്തെ എടുത്തുകാട്ടുന്നു.

കേരളത്തിനു ജലവിഷയത്തിൽ സ്വയം പര്യാപ്തത നേടാൻ വമ്പിച്ച സാധ്യതകളാണുള്ളത്. രാഷ്ട്രീയ നിശ്ചയദാർഢ്യത്തിന്റെ അഭാവമാണ് ഇതിനു വിഘാതമായി നിൽക്കുന്നത്. കേന്ദ്രസഹായവും ബാഹ്യസഹായവും കേരളം വെറുതെ നഷ്ടപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസം തുലോം കുറവാണ്. ഏതു ഭാഗത്തിരുന്നാലും (ഭരണ-പ്രതിപക്ഷ) ''കോരനു കുമ്പിളിൽ തന്നെ കഞ്ഞി'' എന്നേ പറയാനുള്ളൂ.

ജനങ്ങളും ഈ ശോചനീയ അവസ്ഥയിൽ പ്രതികരിക്കാത്തതാണ് ഏറെ ദുഃഖകരമായ വസ്തുത. ആവശ്യക്കാർക്കു വക്താക്കളില്ല എന്നതാണ് സത്യം. ഇതിനൊരു പ്രതിവിധി വേണ്ടതാണ്.

---

**ടി.എൻ.എൻ.ഭട്ടതിരിപ്പാട്,
(റിട്ട. ചീഫ് എൻജിനീയർ,
കേരള വാട്ടർ അതോറിറ്റി)**